I/120401/2023

**ഫയൽ നം : SSG 1/68/2023-TC** തീയതി : **24-04-2023**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ**
**തിരുവനന്തപുരം - 695 014**

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,/
ജോയിന്റ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ.

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - ക്യാരാവാൻ വാഹനങ്ങൾക്ക് നികുതി അടയ്ക്കുന്നത് സംബന്ധിച്ച്

**സൂചന :-** GOP No 34/2022/Tran എന്ന സർക്കാർ ഉത്തരവ്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ക്യാരാവാൻ ടൂറിസവുമായി ബന്ധപ്പെട്ട് GOP No 34/2022/Tran എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രകാരം ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങൾക്ക് നികുതിയിളവ് അനുവദിച്ചിട്ടുള്ളതാകുന്നു. ഇത്തരത്തിൽ നികുതിയിളവ് ലഭിച്ചിട്ടുള്ള ക്യാരാവാൻ പെർമിറ്റ് ഉള്ള വാഹനങ്ങൾക്ക് വാഹൻ സോഫ്റ്റ്‌വെയർ മുഖാന്തിരം നികുതി അടയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കുന്നു.

ഉത്തരവ് ബാധകമായ കാലയളവില് തൊട്ടു മുൻപ് വരെ നികുതി അടച്ചിട്ടുള്ള പക്ഷം, പെർമിറ്റ് ഉള്ള ക്യാരാവാൻ വാഹനങ്ങൾക്ക് നിലവിലുള്ള പെർമിറ്റിൽ സർവീസ് ടൈപ്പ് "**ക്യാരാവാൻ ടൂറിസം**" എന്നത് സെലെക്റ്റ് ചെയ്തു നൽകുകയും, പെർമിറ്റ് ബാധകമല്ലാത്ത ട്രാൻസ്പോർട്ട് ശ്രേണിയിൽപെട്ട ക്യാരാവാൻ വാഹനങ്ങൾക്ക് മിസ്സിംഗ് പെർമിറ്റ് വഴി സർവീസ് ടൈപ്പ്, മാറ്റി നൽകേണ്ടതാകുന്നു

ഇത്തരത്തിൽ പെർമിറ്റ് /പെർമിറ്റ് മോഡിഫൈ നൽകുന്ന വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സിറ്റിസൺ സൈഡ് മുഖേനയും ഓഫീസിൽ മൊഡ്യൂൾ മുഖേന ഓൺലൈൻ ആയി നികുതി അടയ്ക്കുന്നതിനുള്ള യൂസർഐ.ഡി/പാസ്സ്‌വേർഡ് തയ്യാറാക്കി നൽകാവുന്നതാണ്.

എന്നാൽ സർക്കാർ ഉത്തരവിൽ പറയുന്ന കരാർ കാലാവധി റദ്ദാകുന്ന കാലയളവിൽ വാഹനത്തിന്റെ സർവീസ് ടൈപ്പ് വീഴ്ച കൂടാതെ പഴയ പോലെ മാറ്റി ഇടേണ്ടതാകുന്നു.

Signed by
K Manojkumar
Date: 24-04-2023 10:03:05

വിശ്വസ്തതയോടെ,

**K Manojkumar**
**JOINT TRANSPORT COMMISSIONER & SECRETARY S T A IN CHARGE**

പകർപ്പ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട്, കമ്മീഷണർ

മോട്ടോർ വാഹന വകുപ്പ്, കേരളം